"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലും 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിൽ, ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു- ഉത്തരവാകുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

G.O.(Ms)No.3/2026/DMD തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:-

1. സ.ഉ (കൈ) നം. 27/2018/ഡി.എം.ഡി, തീയതി 17/12/2018
2. സ.ഉ (അച്ചടി) നം. 2/2024/ഡി.എം.ഡി, തീയതി 09/08/2024
3. സ.ഉ (കൈ) നം. 9/2024/ഡി.എം.ഡി, തീയതി 30/08/2024
4. 30/08/2025 തീയതിയിലെ എസ്.എൽ.ബി.സി യോഗത്തിന്റെ നടപടിക്കുറിപ്പ്

**ഉത്തരവ്**

വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലും 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിൽ, ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ

ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായകരം ആകുന്ന തരത്തിൽ ഉജ്ജീവന വായ്പ പദ്ധതി കാലികമായി പരിഷ്കരിച്ച് പുനരാരംഭിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

i. **<u>പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ</u>**

വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിലും, കോഴിക്കോട് ജില്ലയിൽ വാണിമേൽ പഞ്ചായത്തിലും 30-7-2024ന് ഉണ്ടായ ഉരുൾപൊട്ടലിൽ പരാമർശം (2), (3) എന്നിവ പ്രകാരം ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിൽ, ദുരന്ത ബാധിതരായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപന ഉടമകൾ/നടത്തിപ്പുകാർ, അംഗീകൃത ഹോം സ്റ്റേ ഉടമകൾ/നടത്തിപ്പുകാർ, മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായകരം ആകുവാൻ ആണ് ഉജ്ജീവന വായ്പാ പദ്ധതി കാലികമായി പരിഷ്കരിച്ച് പുനരാരംഭിക്കുന്നത്.

a. ഡി.എൽ.ബി.സിയിൽ അംഗങ്ങൾ ആയ ബാങ്കിംഗ്/ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം ഉള്ള വായ്പ്പകൾക്ക് മാത്രം ആയിരിക്കും ഉജ്ജീവന വായ്പ പദ്ധതിയിൽ സഹായത്തിന് അർഹത.

b. ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും, അംഗീകൃത ഹോം സ്റ്റേകളുടെയും, മൃഗങ്ങളുടെയും, അലങ്കാര പക്ഷികളുടെയും, തേനീച്ച കൂടുകളുടെയും, കൃഷിയുടെയും, ടൂറിസ്റ്റ് വാഹനങ്ങളുടെയും, വാണിജ്യ വാഹനങ്ങളുടെയും വായ്പ് അപേക്ഷകനായ ഉടമ/ഉടമകൾ ദുരന്ത ബാധിത വാർഡിലെ താമസക്കാരൻ ആകണം എന്ന് നിർബന്ധം ഇല്ല; മേൽ പട്ടികയിലെ ഉപജീവന മാർഗ്ഗത്തിന് നഷ്ടം ഉണ്ടായത് ദുരന്ത ബാധിത വാർഡുകളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ആയിരിക്കണം.

c. നഷ്ടം എന്നത് ഉരുൾപൊട്ടൽ നേരിട്ട് ബാധിച്ചത് മൂലം ഉണ്ടായ ഭൗതീകമായ നഷ്ടം, ഉരുൾപൊട്ടൽ മൂലം വരുമാന നഷ്ടം, നോ-ഗോ സോണിൽ ഉൾപ്പെട്ടതിനാൽ പ്രവർത്തിക്കുവാൻ സാധിക്കാത്തതിനാൽ ഉള്ള നഷ്ടം എന്നിവയിൽ ഏതും ആകാം.

d. മേൽ പട്ടികയിലെ നഷ്ടപ്പെട്ട ഉപജീവന മാർഗ്ഗം അതാത് പഞ്ചായത്തിൽ തന്നെ

പുനരാരംഭിക്കണം എന്ന നിർബന്ധം ഇല്ല.

e . നഷ്ടപ്പെട്ട ഉപജീവന മാർഗ്ഗം തന്നെ പുനരാരംഭിക്കണം എന്ന് ഇല്ല എന്നാൽ അപേക്ഷകന് പുതിയ ഉപജീവന മാർഗ്ഗം ലാഭകരമായി നടത്തുവാൻ പ്രാവീണ്യം ഉണ്ടോ എന്ന് നിയതമായ രീതികളിലൂടെ ബാങ്കുകൾക്ക് പരിശോധിക്കാം.

ii. <u>വായ്പ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

a. ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ പട്ടിക അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ ഉത്തരവ് തീയതിയിൽ നിന്നും 30 ദിവസത്തിനുള്ളിൽ തയ്യാറാക്കി പരിശോധനാ കമ്മിറ്റി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

b. മേൽ പട്ടിക പരിശോധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ശുപാർശ നല്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അധ്യക്ഷയായി/അധ്യക്ഷനായി, ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager, ദുരന്ത ബാധിത ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ, ഗതാഗത വകുപ്പ്, ഡി.ടി.പി.സി, എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ ഹസാർഡ് അനലിസ്റ്റ് കൺവീനർ ആയ ഒരു പരിശോധനാ സമിതി ജില്ലാ കളക്ടർ രൂപീകരിക്കേണ്ടതാണ്.

c. പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കുന്ന പട്ടിക മേൽ സമിതിയുടെ മുന്നിൽ അവതരിപ്പിക്കണം. പ്രസ്തുത പട്ടിക ലഭിച്ച് 7 പ്രവർത്തി ദിവസത്തിനുള്ളിൽ പരിഗണിച്ച് സഹായത്തിന് അർഹർ എന്ന് സമിതി അംഗീകരിക്കുന്നവരുടെ പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.

d. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുന്ന പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, 7 പ്രവർത്തി ദിവസത്തിനുള്ളിൽ പരിഗണിച്ച് ദുരന്ത ബാധിതം/ബാധിതർ എന്ന് ബോധ്യപ്പെടുന്നവ അംഗീകരിക്കുക. ഇത്തരത്തിൽ അംഗീകരിച്ച പട്ടിക ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

e. കൂടുതൽ പരിശോധന ആവശ്യമായ ദുരന്ത ബാധിതരുടെ പട്ടിക കാര്യകാരണം സഹിതം തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ഈ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് ആവശ്യമായ രേഖകൾ പഞ്ചായത്ത് സെക്രട്ടറിയുടെ മുന്നിൽ ഹാജരാക്കുവാൻ, പട്ടിക പ്രസിദ്ധീകരിച്ച ദിവസം മുതൽ 7 പ്രവർത്തി ദിവസം സമയം അനുവദിക്കുക. 7 ദിവസത്തിന് ശേഷം പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യമാകുന്ന കേസുകൾ വീണ്ടും, പരിശോധന സമിതിക്ക് സമർപ്പിക്കയും, പരിശോധന സമിതി പട്ടിക ലഭിച്ച് 7 ദിവസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ ആതോറിറ്റിക് മുന്നിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പുന:പരിശോധിച്ച് ലഭിക്കുന്ന പട്ടികയും 7 ദിവസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

f. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കാതെ നിരാകരിക്കുന്നവരുടെ പട്ടിക ഓരോ കേസിലേയും കാര്യകാരണം സഹിതം പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ഈ പട്ടികയിൽ പരാതി ഉള്ളവർക്ക് സർക്കാരിലേക്ക് അപ്പീലുമായി സമീപിക്കാം. സർക്കാരിന്റെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ഹൈക്കോടതിയെ സമീപിക്കാം.

g. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുന്ന പട്ടിക ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Managerക്ക് നൽകുക. Lead District Manager ഈ പട്ടിക എല്ലാ ബാങ്കുകളിലും, വായ്പ്പ് കൈകാര്യം ചെയ്യുന്ന ശാഖകളിലും ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക.

iii. **<u>സർക്കാർ പങ്കാളിത്തം</u>**

a. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക് വായ്പയുടെ 25 ശതമാനമോ, 3 ലക്ഷം രൂപയോ, ഏതാണോ കുറവ്, അത് മാർജിൻ മണി ആയി, സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

b. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപര്യം അനുസരിച്ച് എടുക്കുന്ന വായ്പ തുകയിൽ 12 ലക്ഷം രൂപ വരെ, മാർജിൻ മണിയ്ക്ക് പകരം അഞ്ച് വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

c. ഈ സർക്കാർ ഉത്തരവിന് മുൻപായി പുനരാരംഭ വായ്പ എടുത്തിട്ടുള്ള, അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതർക്കും അവർ എടുത്ത വായ്പ തുകയിൽ 12 ലക്ഷം രൂപ വരെയും അഞ്ച് വർഷത്തേയ്ക്ക് പരമാവധി 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

iv. **<u>ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ താങ്ങ് പലിശയോ (Interest Subvention) ലഭിക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്</u>**

i. ദുരന്ത ബാധിതൻ ആയ അപേക്ഷകൻ ഈ ഉത്തരവിന്റെ അനുബന്ധം ആയി ചേർത്തിട്ടുള്ള ഫോറം 1 ൽ ആദ്യ ഭാഗം പൂരിപ്പിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക.

ii. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ട വ്യക്തിയാണോ അപേക്ഷകൻ എന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഫോറം 1 ൽ സാക്ഷ്യപത്രം നൽകുക.

iii. ഇത്തരത്തിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയവരുടെ പട്ടിക അപേക്ഷകന്റെ AADHAAR Number, PAN Number എന്നിവ സഹിതം ഇലക്ട്രോണിക് (Excel or word) ഫോർമാറ്റിൽ ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Managerക്ക് നൽകേണ്ടതാണ്.

iv. സാക്ഷ്യപ്പെടുത്തി നല്കിയവരുടെ പട്ടിക ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക ഇ-മെയിൽ വിലാസം Lead District Manager ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും, അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുക.

v. വായ്പ്പക്കായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിക്കുമ്പോൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച പട്ടിക അന്തിമം ആയിരിക്കും.

v . **<u>ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പ അനുവദിച്ചതിനു ശേഷം വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ താങ്ങ് പലിശയോ (Interest Subvention) സർക്കാരിൽ നിന്നും ലഭിക്കാൻ ബാങ്കുകൾ സ്വീകരിക്കേണ്ട നടപടി</u>**

a. മാർജിൻ മണി/താങ്ങ് പലിശ : വായ്പ അപേക്ഷകന് ലഭ്യമാക്കിയ ശേഷം ഈ ഉത്തരവിൽ അനുവദിച്ചിരിക്കുന്ന മാർജിൻ മണിക്കായി/താങ്ങ് പലിശയ്ക്കായി ഈ ഉത്തരവിന്റെ അനുബന്ധമായി

ചേർത്തിട്ടുള്ള ഫോറം 2 ൽ ചേർത്തിരിക്കുന്ന പട്ടിക പൂരിപ്പിച്ച് ബാങ്ക്, ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും മൂന്നു മാസത്തിന് ശേഷം ക്ലെയിം ചെയ്യേണ്ടതാണ്. അർഹമായ തുക ബാങ്കുകൾ നിർദ്ദേശിക്കുന്ന അക്കൗണ്ടിലേക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർ അനുവദിക്കേണ്ടതാണ് .

b. ജില്ലാ കളക്ടർ ആവശ്യമായ പരിശോധനയ്ക്ക് ശേഷം ഈ തുക ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതാണ്. ഇതിനാവശ്യമായ ഫണ്ട് സർക്കാർ ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകുന്നതാണ്.

ഉജ്ജീവന വായ്പ പദ്ധതിക്ക് വേണ്ടി വരുന്ന ചിലവായി ഇപ്പോൾ കണക്കാക്കിയിട്ടുള്ള 20 കോടി രൂപ 2245-02-101-94 - Flood Other Items എന്ന ശീർഷകത്തിൽ ലഭ്യമായ ബഹു. ഹൈക്കോടതി വിധി പ്രകാരം SDRF മാനദണ്ഡങ്ങളിൽ ഇളവ് ചെയ്ത് ചെലവാക്കാൻ കഴിയുന്ന 120 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണ്.

ഉജ്ജീവന വായ്പ പദ്ധതിയുടെ സർക്കാർ വിഹിതം ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്കു അനുവദിക്കുന്നതിന് ദുരന്ത നിവാരണ വകുപ്പ് ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

ഉജ്ജീവന വായ്പ പദ്ധതി ഡിസംബർ 31, 2026 വരെ ദുരന്ത ബാധിതർക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M G RAJAMANICKAM

SECRETARY

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ

കമ്മീഷണർ, ദുരന്ത നിവാരണം

ജില്ലാ കളക്ടർ, വയനാട്

ജില്ലാ കളക്ടർ, കോഴിക്കോട്

കൺവീനർ SLBC, കേരള , കാനറാ ബാങ്ക് സർക്കിൾ ഓഫീസ് , PB No. 159, MG Road,

തിരുവനന്തപുരം

പൊതുഭരണ (SC)വകുപ്പ് (ഇനം നമ്പർ: )

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 23-01-2026 15:09:22
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 21-01-2026**

ഫയൽ നം. ഡിഎം.എ2/260/2024/ഡി.എം.ഡി. ഇനം നം: 3579

വിഷയം : ദുരന്തനിവാരണ വകുപ്പ് - വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടൽ ദുരന്തബാധിതരായ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും, വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്ത ബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും അംഗീകാരം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

3579

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | ഡിഎം.എ 2/260/2024-ഡി.എം.ഡി. |
| 2. | വകുപ്പ് | ദുരന്ത നിവാരണ (എ) വകുപ്പ് |
| 3. | വിഷയം | വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും, വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്തബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും അംഗീകാരം നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16/12/2025 |
| 5. | (i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡിഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ബിന്ദു സി. വർഗ്ഗീസ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് , സെക്രട്ടറി അംഗീകരിച്ച തീയതി | 12/01/2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13/01/2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 20/01/2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20/01/2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പ പദ്ധതിക്കും, വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്തബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് ഈ കുറിപ്പ്.

### I. കുടുംബശ്രീ അംഗങ്ങൾക്കായി പ്രത്യേക വായ്പ പദ്ധതി

1. വയനാട് മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബശ്രീ അംഗങ്ങൾക്കായി പ്രത്യേക വായ്പ പദ്ധതിയുടെ പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പ് സമർപ്പിച്ചിരുന്നു. താഴെ പറയുന്ന പ്രകാരമായിരുന്നു ഈ പദ്ധതിയുടെ വിശദാംശങ്ങൾ :

| ഒരു കുടുംബത്തിന് നൽകാവുന്ന വായ്പ തുക | ആകെ വായ്പ തുക | പ്രതീക്ഷിക്കുന്ന പലിശ | തിരിച്ചടവ് കാലാവധി | മോറട്ടോറിയം | ശ്രോതസ്സ് | |
|---|---|---|---|---|---|---|
| | | | | | ബാങ്ക് | CMDRF |
| 2,00,000 /- | 15,64,00,000 /- (782 x 2 ലക്ഷം) | 10% നിരക്കിൽ (44,000 x 782) 3,44,08,000 | 48 മാസം | 6 മാസം | 15,64,00,000 | 3,44,08,000 |

2. പ്രസ്തുത തുക CMDRF ൽ നിന്നും അനുവദിക്കുന്നതിനായി റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ് ഫയൽ (DRF-C1/146/2024-REV) സമർപ്പിച്ചപ്പോൾ തത്വത്തിലുള്ള

അംഗീകാരത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവ് നൽകിയിരുന്നു. ആയതു പ്രകാരം മന്ത്രിസഭ യോഗത്തിനുള്ള കരട് കുറിപ്പ് റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ് സമർപ്പിച്ചപ്പോൾ സ്പെഷ്യൽ SLBC മീറ്റിംഗ് തീരുമാനത്തിനു ശേഷം ഫയൽ സമർപ്പിക്കാൻ ഉത്തരവായിരുന്നു. 19.08.2024-ലെ സ്പെഷ്യൽ SLBC മീറ്റിംഗ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 09.12.2024-ന് കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടറുടെ അധ്യക്ഷതയിൽ കേരള ഗ്രാമീൺ ബാങ്ക്, കേരള ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവർ ഉൾപ്പെടെ SLBC കൺവീനറുടെ സാന്നിധ്യത്തിൽ യോഗം ചേരുകയുണ്ടായി. ടി യോഗത്തിൽ വയനാട് സ്പെഷ്യൽ ലോൺ സ്കീമിന്മേൽ ചർച്ച നടത്തുകയും ലോൺ സ്കീം നടപ്പാക്കാം എന്ന് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 10.12.2024-ന് SLBC സബ് കമ്മിറ്റി ചേരുകയും സ്കീമിന്റെ മാർഗ്ഗ നിർദ്ദേശം തയ്യാറാക്കുകയും ചെയ്തു. ടി സ്പെഷ്യൽ ലോൺ സ്കീം SLBC, റിസർവ്വ് ബാങ്കിന് സമർപ്പിച്ച് അംഗീകാരം നേടുകയും ശേഷം ഓരോ ബാങ്കും അവരുടെ ബോർഡ് യോഗങ്ങളിൽ ടി ലോൺ സ്കീം അംഗീകരിക്കുകയും തുടർന്ന് ബാങ്കുകളുടെ ബോർഡ് തീരുമാനം സഹിതം അന്തിമ പ്രൊപ്പോസൽ സർക്കാരിലേക്ക് നൽകുകയും ചെയ്തു.

3. പ്രസ്തുത SLBC മീറ്റിംഗ് തീരുമാനപ്രകാരം വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കായുള്ള വായ്പ പദ്ധതിയുടെ പ്രൊപ്പോസൽ കുടുംബശ്രീ എക്സിക്യൂട്ടിവ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. 437 കുടുംബശ്രീ അംഗങ്ങൾക്കായി ആവശ്യമായ 8.57 കോടി രൂപയുടെ വായ്പയിൽ മൊറൊട്ടോറിയം ഉൾപ്പെടെ 1.94 കോടി രൂപയാണ് പലിശ ഇനത്തിൽ കണക്കാക്കിയിട്ടുള്ളത് (**അനുബന്ധം** 1). പലിശയായി കണക്കാക്കിയിട്ടുള്ള 1.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| No of Beneficiaries | Loan Amount/Rate of Interest | Moratorium period | Period less Moratorium | Total Loan Amount Requested | Total Interest Amount |
|---|---|---|---|---|---|
| 437 | 2,00,000 @ 9% p.a linked to MCLR | 6 months | 3.5 years | 8.57 Crores | 1.94 crores (including Moratorium) |

## II. ഉജ്ജീവന വായ്പ പദ്ധതി

2018 ലെ പ്രളയത്തിൽ ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പ പദ്ധതി നടപ്പാക്കിയിരുന്നു. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലും 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിൽ, ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായകരം ആകുന്ന തരത്തിൽ ഉജ്ജീവന വായ്പ പദ്ധതി കാലികമായി പരിഷ്കരിച്ച് പുനരാരംഭിക്കുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 20 കോടി രൂപ മാറ്റി വയ്ക്കുന്നതിനും 14.03.2025 ൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സ്ക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ

ഉജ്ജീവന വായ്പ പദ്ധതിയുടെ വിശദമായ പ്രൊപോസൽ മെമ്പർ സെക്രട്ടറി, KSDMA ലഭ്യമാക്കിയിരുന്നു.

ഈ ആവശ്യത്തിനായി ബഹു. ഹൈക്കോടതി വിധി പ്രകാരം SDRF മാനദണ്ഡങ്ങളിൽ ഇളവ് ചെയ്തു ചെലവാക്കാൻ കഴിയുന്ന 120 കോടി രൂപയിൽ 20 കോടി രൂപ മാറ്റി വച്ചിട്ടുണ്ട്. വയനാട് കോഴിക്കോട് ജില്ലകളിലെ ദുരന്തബാധിതർക്കായി ഉജ്ജീവനം പദ്ധതി വീണ്ടും നടപ്പിലാക്കാൻ 30/08/2025 തീയതിയിൽ കൂടിയ SLBC യോഗം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. യോഗത്തിന്റെ നടപടികുറിപ്പ് **അനുബന്ധം 2** ആയി ചേർക്കുന്നു . ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ കഴിയുന്ന ഗുണഭോക്താക്കളുടെ പട്ടിക SLBC ക്കു സമർപ്പിക്കാൻ വയനാട് ജില്ലാ കളക്ടർക്കു ദുരന്ത നിവാരണ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട് .

ഉജ്ജീവന വായ്പ പദ്ധതിയുടെ വിശദമായ രൂപരേഖയും ഫാറങ്ങളും **അനുബന്ധം 3** ആയി ഉൾപ്പെടുത്തുന്നു .

ഈ വിഷയത്തിൽ ഉത്തരവുകൾക്കായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മേപ്പാടി ഉരുൾപൊട്ടൽ ദുരന്തബാധിതരായ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പ പദ്ധതി, വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്തബാധിതർക്കായുള്ള ഉജ്ജീവന പദ്ധതി എന്നിവ നടപ്പാക്കുന്ന വിഷയം, ഈ പദ്ധതികളുടെ വിശദാംശങ്ങളോടെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1. വയനാട് ജില്ലയിലെ മേപ്പാടി ഉരുൾപ്പൊട്ടലിനെ തുടർന്ന് ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ടി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തതും SLBC അംഗീകരിച്ചതുമായ 8.57 കോടി രൂപയുടെ **അനുബന്ധം 1** ആയി ചേർത്തിട്ടുള്ള വായ്പ പദ്ധതി അംഗീകരിച്ച് വായ്പയ്ക്ക് പലിശയായി കണക്കാക്കിയിട്ടുള്ള 1.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർ മുഖേന കുടുംബശ്രീ മിഷന് അനുവദിക്കാവുന്നതാണോ?

2. വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിലും കോഴിക്കോട് ജില്ലയിലെ വാണിമേൽ പഞ്ചായത്തിലും 30.07.2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിലെ ദുരന്തബാധിതർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപജീവന മാർഗങ്ങൾ പുനരാരംഭിക്കുന്നതിന് സഹായകരം ആകുവാൻ SLBC തത്വത്തിൽ അനുമതി നൽകിയിട്ടുള്ള **അനുബന്ധം 3** ആയി ചേർത്തിട്ടുള്ള ഉജ്ജീവന വായ്പ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകാമോ?

3. ഉജ്ജീവന വായ്പ പദ്ധതിക്ക് വേണ്ടി ഏകദേശ ചിലവായി കണക്കാക്കിയിട്ടുള്ള 20 കോടി രൂപ ബഹു. ഹൈക്കോടതി വിധി പ്രകാരം SDRF മാനദണ്ഡങ്ങളിൽ ഇളവ് ചെയ്ത് ചെലവാക്കാൻ കഴിയുന്ന 120 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണോ ?

4. ഉജ്ജീവന വായ്പ പദ്ധതിയുടെ സർക്കാർ വിഹിതം ബാങ്കുകൾക്ക് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്താവുന്നതാണോ?

5. ഈ പ്രത്യേക വായ്പ പദ്ധതികളുടെ കാലാവധി ഡിസംബർ 31, 2026 വരെയായി നിശ്ചയിക്കാമോ ?

# ANNEXURE – I

## SCHEME PROPOSED BY THE KUDUMBASHREE

In response to the Wayanad landslides, Kudumbashree submitted a list of 437 affected NHG members to the State Level Bankers' Committee (SLBC) and advocated for a special relief scheme. The SLBC has approved the proposal in principle. Subsequently, the committee was tasked with developing the scheme's details in consultation with partner banks. The SLBC has since formulated the following term loan scheme:

| | |
|---|---|
| **Scheme** | Term Loans to the individual Kudumbashree members of Wayanad in the land slide affected area for rebuilding their lives. There are 62 NHG in the affected area and 437 members in the same. Kudumbashree expects to provide personal/consumer loans to the members to a quantum of max 2.00 lacs. |
| **Purpose** | To provide immediate financial support to persons affected directly or indirectly with the Wayanad Landslide. (As per the list provided from the Kudumbashree) |
| **Eligibility** | To the members of the Kudumbashree group who are directly or indirectly affected by the Wayanad land slide. |
| **Quantum of loan** | Need based loan amount, subject to RBI guidelines. The quantum granted under this scheme shall not exceed Rs. 2.00 Lakhs per individual.<br>The loan quantum need not be linked to the savings/thrift of the group. |

| | |
|---|---|
| **Margin** | Nil |
| **Security** | Nil |
| **Disbursement** | Directly to the savings account of the individual |
| **Repayment period** | The entire tenure of the loan should not exceed 48 months. Repayment may be scheduled as EMI commencing after an initial moratorium not exceeding 6 months. |
| **Interest** | 9% p.a linked to MCLR (As per the request from Kudumbashree Mission as the entire interest is being reimbursed from their end) |
| **Processing Charge** | Nil |
| **Other Special Conditions** | 1. The loan to be sanctioned in line with the RBI guidelines including CIC. Individual defaults after **31.07.2024** should not be considered as a reason for denial of the loan.<br>2. The quantum need not be linked to the thrift/savings of the group.<br>3. Only one member from a household is eligible.<br>4. Members from defaulted SHG groups are not eligible for the same.<br>5. There should not be any existing dues before **31.07.2024** in the group where the proposed borrower is a member. |
| **Remarks** | 1. Government of Kerala will be extending Interest Subvention @ 9% p.a for the entire tenure of the loan upto Rs. 2.00 Lakhs.<br>2. Operational guidelines regarding the claiming/credit of interest subvention will be intimated by Kudumbashree Mission, Government of Kerala.<br>3. Borrowers will have to pay installment (principal + interest) to the banks monthly and claim refund of interest from Kudumbashree Mission, Government of Kerala by submitting the interest paid certificate. |

**Other Points:**

- Loans can be sanctioned to the members of the Kudumbashree NHGs for consumption purpose.
- Loans will be given to the existing SHGs of Kudumbashree Mission.
- Repayment period is limited to 48 months including the 6 months repayment holiday.
- The members of the NHGs to approach the bank branches where the group have availed their loan.
- Government/Kudumbashree requested to extend the loans at an interest rate of 9.00%.
- There shall be a bipartite agreement between banks and the Kudumbashree.
- Banks may waive any kind of charges applicable to the loans.
- Kudumbashree may share with the banks the eligible NHG and the name of the members.
- Preferably the interest subvention to be reimbursed to the borrowers monthly/ quarterly

Following discussions with their respective boards, the scheme has been approved by several banks, including Kerala Gramin Bank, Central Bank of India, Bank of Baroda, and Kerala Bank. As endorsed by SLBC Kerala, the loan terms include a 6-month initial moratorium period. The details are as follows:

| Loan Amount (Rs.) | Principal (Rs.) | Period less moratorium period in years | Monthly Payment (Rs.) | Total Interest (Rs.) | Total Payment (Rs.) |
|---|---|---|---|---|---|
| 2,00,000/- | 2,09,170/- | 3.5 | 5,824/- | 35,448/- | 2,44,619/- |

| Month | Principal (Rs.) | Interest (Rs.) | Principal + Interest (Rs.) | Balance to be Paid (Rs.) |
|---|---|---|---|---|
| 1 | 4255 | 1569 | 5824 | 204915 |
| 2 | 4287 | 1537 | 5824 | 200628 |
| 3 | 4320 | 1505 | 5824 | 196308 |
| 4 | 4352 | 1472 | 5824 | 191956 |
| 5 | 4385 | 1440 | 5824 | 187572 |
| 6 | 4417 | 1407 | 5824 | 183154 |
| 7 | 4451 | 1374 | 5824 | 178703 |
| 8 | 4484 | 1340 | 5824 | 174220 |
| 9 | 4518 | 1307 | 5824 | 169702 |
| 10 | 4551 | 1273 | 5824 | 165150 |
| 11 | 4586 | 1239 | 5824 | 160565 |
| 12 | 4620 | 1204 | 5824 | 155945 |
| 13 | 4655 | 1170 | 5824 | 151290 |
| 14 | 4690 | 1135 | 5824 | 146601 |
| 15 | 4725 | 1100 | 5824 | 141876 |
| 16 | 4760 | 1064 | 5824 | 137116 |
| 17 | 4796 | 1028 | 5824 | 132320 |
| 18 | 4832 | 992 | 5824 | 127488 |
| 19 | 4868 | 956 | 5824 | 122620 |
| 20 | 4905 | 920 | 5824 | 117715 |
| 21 | 4941 | 883 | 5824 | 112774 |
| 22 | 4978 | 846 | 5824 | 107795 |
| 23 | 5016 | 808 | 5824 | 102780 |
| 24 | 5053 | 771 | 5824 | 97726 |
| 25 | 5091 | 733 | 5824 | 92635 |
| 26 | 5129 | 695 | 5824 | 87505 |
| 27 | 5168 | 656 | 5824 | 82337 |
| 28 | 5207 | 618 | 5824 | 77131 |
| 29 | 5246 | 578 | 5824 | 71885 |
| 30 | 5285 | 539 | 5824 | 66600 |
| 31 | 5325 | 500 | 5824 | 61275 |
| 32 | 5365 | 460 | 5824 | 55910 |
| 33 | 5405 | 419 | 5824 | 50505 |
| 34 | 5445 | 379 | 5824 | 45060 |

| | | | | |
|---|---|---|---|---|
| 35 | 5486 | 338 | 5824 | 39574 |
| 36 | 5527 | 297 | 5824 | 34046 |
| 37 | 5569 | 255 | 5824 | 28477 |
| 38 | 5611 | 214 | 5824 | 22867 |
| 39 | 5653 | 172 | 5824 | 17214 |
| 40 | 5695 | 129 | 5824 | 11519 |
| 41 | 5738 | 86 | 5824 | 5781 |
| 42 | 5781 | 43 | 5824 | 0 |

**For the 437 affected members, a total loan amount of ₹8.57 Crores has been requested, to be financed by Kerala Gramin Bank, Kerala Bank, Bank of Baroda, and Central Bank of India. The estimated total interest liability for this special scheme is approximately ₹1.94 Crores(inlcuding moratorium).**

धन्यवाद सहित / Thanking you
भवदीय / Yours faithfully
अच्युत जे शंकर/Achuth J Sankar
वरिष्ठ प्रबंधक / Senior Manager
रा स्त बैं स केरल / SLBC KERALA
0471-2331302

## ANNEXURE – II

## Minutes of the Meeting held on 30.08.2025 at 3:30 pm (Online mode) to discuss the re-launch of Ujjeevana Scheme

Shri. Pradeep K S, SLBC Convenor and GM of Canara Bank, welcomed all the participants and provided a summary of the Ujjeevana scheme. This initiative is designed to promote the re-establishment of various enterprises in the disaster-struck areas of Wayanad and Kozhikode. Under the scheme, the Government will provide support in the form of margin money, covering 25% of the loan amount or up to Rs. 3 Lakhs, whichever is lower. To further aid beneficiaries, the eligible loan limit for this margin money support has been increased from Rs. 10 Lakhs to Rs. 12 Lakhs, and the loan tenure has been extended from 3 years to 5 years.

Shri. Rajamanickam, Secretary, Revenue Dept, informed the attendees that the State Government has earmarked Rs. 20 Crores for the scheme. He clarified that implementation is contingent upon receiving approval from the State Level Bankers' Committee (SLBC).

The Secretary, Revenue Dept. further enquired with the banks about their preferred form of support, presenting a choice between margin money assistance and interest subvention. In response, the bankers in attendance agreed to approve the Ujjeevana scheme in principle and also suggested that a new composite loan scheme be created, given that the project activities encompass both term loans and working capital components. They proposed that this new scheme provide margin money support for the term loan portion and interest subvention for the working capital element,

mirroring the structure of the previous initiative. It was also noted that enterprises seeking to restart operations may choose to relocate to a different Panchayat or location, as their original area remains prone to disasters.

The bankers enquired about the process for identifying potential beneficiaries and assessing whether their specific needs are for term loans or working capital. Shri. Rajamanickam, Secretary, Revenue Dept, stated that the respective District Collectors would be responsible for identifying and providing the final list of beneficiaries.

The Secretary, Revenue Dept. informed the meeting that his office would issue instructions to the Wayanad District Collector's office to provide the beneficiary list to the Lead District Manager (LDM) of Wayanad. The LDM will subsequently share this list with the State Level Bankers' Committee (SLBC). It was reaffirmed that, as decided in the first meeting, the loan would be of a composite nature. Upon receipt of the beneficiary list, the SLBC will proceed with formally formulating the final scheme.

<u>അനുബന്ധം 3</u>

## വയനാട് ദുരന്തബാധിതർക്കായി പുതുക്കിയ ഉജ്ജീവന പദ്ധതിയുടെ രൂപരേഖയും അപേക്ഷക്കുന്നതിനുള്ള ഫാറമുകൾ

### i. പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

വയനാട് ജില്ലയിൽ മേപ്പാടി പഞ്ചായത്തിലും, കോഴിക്കോട് ജില്ലയിൽ വാണിമേൽ പഞ്ചായത്തിലും 30-7-2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ സ.ഉ.(അച്ചടി) നം. 2/2024/ഡിഎംഡി തീയതി 9-8-2024, സ.ഉ.(കൈ) നം. 9/2024/ഡിഎംഡി തീയതി 30-8-2024 എന്നിവ പ്രകാരം ദുരന്ത ബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള വാർഡുകളിൽ, ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സഹായകരം ആകുവാൻ ഉജ്ജീവന വായ്പാ പദ്ധതി കാലികമായി പരിഷ്കരിച്ച് പുനരാരംഭിക്കേണ്ടതുണ്ട്.

a. ഡി.എൽ.ബി.സിയിൽ അംഗങ്ങൾ ആയ ബാങ്കിംഗ്/ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവ മുഖാന്തരം ഉള്ള വായ്പ്പകൾക്ക് മാത്രം ആയിരിക്കും ഉജ്ജീവന വായ്പ പദ്ധതിയിൽ സഹായത്തിന് അർഹത.

b. ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങളുടെയും, അംഗീകൃത ഹോം സ്റ്റേകളുടെയും, മൃഗങ്ങളുടെയും, അലങ്കാര പക്ഷികളുടെയും, തേനീച്ച കൂടുകളുടെയും, കൃഷിയുടെയും, ടൂറിസ്റ്റ് വാഹനങ്ങളുടെയും, വാണിജ്യ വാഹനങ്ങളുടെയും വായ്പ് അപേക്ഷകനായ ഉടമ/ഉടമകൾ ദുരന്ത ബാധിത വാർഡിലെ താമസക്കാരൻ ആകണം എന്ന് നിർബന്ധം ഇല്ല; മേൽ പട്ടികയിലെ ഉപജീവന മാർഗ്ഗത്തിന് നഷ്ടം ഉണ്ടായത് ദുരന്ത ബാധിത വാർഡുകളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ ആയിരിക്കണം.

c. നഷ്ടം എന്നത് ഉരുൾപൊട്ടൽ നേരിട്ട് ബാധിച്ചത് മൂലം ഉണ്ടായ ഭൗതീകമായ നഷ്ടം, ഉരുൾപൊട്ടൽ മൂലം വരുമാന നഷ്ടം, നോ-ഗോ സോണിൽ

ഉൾപ്പെട്ടതിനാൽ പ്രവർത്തിക്കുവാൻ സാധിക്കാത്തതിനാൽ ഉള്ള നഷ്ടം എന്നിവയിൽ ഏതും ആകാം.

d. മേൽ പട്ടികയിലെ നഷ്ടപ്പെട്ട ഉപജീവന മാർഗ്ഗം അതാത് പഞ്ചായത്തിൽ തന്നെ പുനരാരംഭിക്കണം എന്ന നിർബന്ധം ഇല്ല.

e. നഷ്ടപ്പെട്ട ഉപജീവന മാർഗ്ഗം തന്നെ പുനരാരംഭിക്കണം എന്ന് ഇല്ല. എന്നാൽ അപേക്ഷകന് പുതിയ ഉപജീവന മാർഗ്ഗം ലാഭകരമായി നടത്തുവാൻ പ്രാവീണ്യം ഉണ്ടോ എന്ന് നിയതമായ രീതികളിലൂടെ ബാങ്കുകൾക്ക് പരിശോധിക്കാം.

ii. **<u>വായ്പ ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

a. ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, അംഗീകൃത ഹോം സ്റ്റേകൾ, ദുരന്ത ബാധിതരായ മൃഗസംരക്ഷണ കർഷകർ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് (Tourist) വാഹന ഉടമകൾ, വാണിജ്യ (Commercial) വാഹന ഉടമകൾ എന്നിവരുടെ പട്ടിക അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ ഉത്തരവ് തീയതിയിൽ നിന്നും 30 ദിവസത്തിനുള്ളിൽ തയ്യാറാക്കി ചുവടെ പരാമർശിക്കുന്ന പരിശോധനാ കമ്മിറ്റി മുൻപാകെ സമർപ്പിക്കുക.

b. മേൽ പട്ടിക പരിശോധിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ശുപാർശ നല്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അധ്യക്ഷയായി/അധ്യക്ഷനായി, ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager, ദുരന്ത ബാധിത ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, കുടുംബശ്രീ ജില്ലാ മിഷൻ, ഗതാഗത വകുപ്പ്, ഡി.ടി.പി.സി, എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ജില്ലാ ഹസാർഡ് അനലിസ്റ്റ് കൺവീനർ ആയ ഒരു പരിശോധനാ സമിതി രൂപീകരിക്കുന്നു.

c. പഞ്ചായത്ത് സെക്രട്ടറി തയ്യാറാക്കുന്ന പട്ടിക മേൽ സമിതിയുടെ മുന്നിൽ അവതരിപ്പിക്കണം. പ്രസ്തുത പട്ടിക ലഭിച്ച് 7 പ്രവർത്തി ദിവസത്തിനുള്ളിൽ പരിഗണിച്ച് സഹായത്തിന് അർഹർ എന്ന് സമിതി അംഗീകരിക്കുന്നവരുടെ പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുക.

d. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കുന്ന പട്ടിക ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, 7 പ്രവർത്തി ദിവസത്തിനുള്ളിൽ പരിഗണിച്ച് ദുരന്ത ബാധിതം/ബാധിതർ എന്ന് ബോധ്യപ്പെടുന്നവ അംഗീകരിക്കുക. ഇത്തരത്തിൽ അംഗീകരിച്ച പട്ടിക ജില്ലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

e. കൂടുതൽ പരിശോധന ആവശ്യമായ ദുരന്ത ബാധിതരുടെ പട്ടിക കാര്യകാരണം സഹിതം തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ഈ പട്ടികയിൽ ഉൾപ്പെടുന്നവർക്ക് ആവശ്യമായ രേഖകൾ പഞ്ചായത്ത് സെക്രട്ടറിയുടെ മുന്നിൽ ഹാജരാക്കുവാൻ, പട്ടിക പ്രസിദ്ധീകരിച്ച ദിവസം മുതൽ 7 പ്രവർത്തി ദിവസം സമയം അനുവദിക്കുക. 7 ദിവസത്തിന് ശേഷം പഞ്ചായത്ത് സെക്രട്ടറിക്ക് ബോധ്യമാകുന്ന കേസുകൾ വീണ്ടും, പരിശോധന സമിതിക്ക് സമർപ്പിക്കയും, പരിശോധന സമിതി പട്ടിക ലഭിച്ച് 7 ദിവസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് മുന്നിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇത്തരത്തിൽ പുനർപരിശോധിച്ച് ലഭിക്കുന്ന പട്ടികയും 7 ദിവസത്തിനുള്ളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

f. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കാതെ നിരാകരിക്കുന്നവരുടെ പട്ടിക ഓരോ കേസിലേയും കാര്യകാരണം സഹിതം പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുക. ഈ പട്ടികയിൽ പരാതി ഉള്ളവർക്ക് സർക്കാരിലേക്ക് അപ്പീലുമായി സമീപിക്കാം. സർക്കാരിന്റെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ഹൈക്കോടതിയെ സമീപിക്കാം.

g. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിക്കുന്ന പട്ടിക ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager ക്ക് നൽകുക. Lead District Manager ഈ പട്ടിക എല്ലാ ബാങ്കുകളിലും, വായ്പ് കൈകാര്യം ചെയ്യുന്ന ശാഖകളിലും ലഭിച്ചു എന്ന് ഉറപ്പ് വരുത്തുക.

iii. **<u>സർക്കാർ പങ്കാളിത്തം</u>**

a. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക് വായ്പയുടെ 25 ശതമാനമോ, 3 ലക്ഷം രൂപയോ, ഏതാണോ കുറവ്,

അത് മാർജിൻ മണി ആയി, സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

b. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തന മൂലധനം (Working Capital) മാത്രം എടുക്കുന്നവർക്ക് അവരുടെ താൽപര്യം അനുസരിച്ച് എടുക്കുന്ന വായ്പ തുകയിൽ 12 ലക്ഷം രൂപ വരെ, മാർജിൻ മണിയ്ക്ക് പകരം അഞ്ച് വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

c. ഈ സർക്കാർ ഉത്തരവിന് മുൻപായി പുനരാരംഭ വായ്പ എടുത്തിട്ടുള്ള, അംഗീകരിച്ച പട്ടികയിൽ ഉൾപ്പെടുന്ന ദുരന്ത ബാധിതർക്കും അവർ എടുത്ത വായ്പ തുകയിൽ 12 ലക്ഷം രൂപ വരെയും അഞ്ച് വർഷത്തേയ്ക്ക് പരമാവധി 9% നിരക്കിൽ താങ്ങ് പലിശ (Interest Subvention) സർക്കാർ ഒറ്റ തവണയായി ബാങ്കുകൾക്ക് നൽകുന്നതാണ്.

iv. **<u>ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ താങ്ങ് പലിശയോ (Interest Subvention) ലഭിക്കാൻ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്</u>**

i. ദുരന്ത ബാധിതൻ ആയ അപേക്ഷകൻ ഫോറം 1 ൽ ആദ്യ ഭാഗം പൂരിപ്പിച്ച് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുക.

ii. അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ട വ്യക്തിയാണോ അപേക്ഷകൻ എന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഫോറം 1 ൽ സാക്ഷ്യപത്രം നൽകുക.

iii. ഇത്തരത്തിൽ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയവരുടെ പട്ടിക അപേക്ഷകന്റെ AADHAAR Number, PAN Number എന്നിവ സഹിതം ഇലക്ട്രോണിക് (Excel or word) ഫോർമാറ്റിൽ ജില്ലാതല ബാങ്കിംഗ് കമ്മറ്റിയുടെ (ഡി.എൽ.ബി.സി) Lead District Manager ക്ക് നൽകേണ്ടതാണ്.

iv. സാക്ഷ്യപ്പെടുത്തി നല്കിയവരുടെ പട്ടിക ലഭ്യമാക്കുന്നതിനുള്ള ഔദ്യോഗിക ഇ-മെയിൽ വിലാസം Lead District Manager ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും, അതാത് പഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകുക.

v. വായ്പ്പക്കായി ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിക്കുമ്പോൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച പട്ടിക അന്തിമം ആയിരിക്കും.

v. **ഈ പദ്ധതിയിൽ അർഹരായവർക്ക് വായ്പ അനുവദിച്ചതിനു ശേഷം വായ്പയുടെ അംഗീകൃത അളവിൽ ഉള്ള മാർജിൻ മണിയോ താങ്ങ് പലിശയോ (Interest Subvention) സർക്കാരിൽ നിന്നും ലഭിക്കാൻ ബാങ്കുകൾ സ്വീകരിക്കേണ്ട നടപടി**

a. മാർജിൻ മണി/താങ്ങ് പലിശ : വായ്പ അപേക്ഷകന് ലഭ്യമാക്കിയ ശേഷം ഈ ഉത്തരവിൽ അനുവദിച്ചിരിക്കുന്ന മാർജിൻ മണിക്കായി/താങ്ങ് പലിശയ്ക്കായി ഫോറം 2 ൽ ചേർത്തിരിക്കുന്ന പട്ടിക പൂരിപ്പിച്ച് ബാങ്ക്, ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നും മൂന്നു മാസത്തിന് ശേഷം ക്ലെയിം ചെയ്യേണ്ടതാണ്. അർഹമായ തുക ബാങ്കുകൾ നിർദ്ദേശിക്കുന്ന അക്കൗണ്ടിലേക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർ അനുവദിക്കേണ്ടതാണ് .

b. ജില്ലാ കളക്ടർ ആവശ്യമായ പരിശോധനയ്ക്ക് ശേഷം ഈ തുക ബാങ്കുകൾക്ക് അനുവദിച്ച് നൽകുന്നതാണ്. ഇതിനാവശ്യമായ ഫണ്ട് സർക്കാർ ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകുന്നതാണ്.

## ഉജ്ജീവന വായ്പ്പാ പദ്ധതി 2025 - ഫോറം ഒന്ന്

ദുരന്ത ബാധിതൻ സമർപ്പിക്കേണ്ട അപേക്ഷ

അപേക്ഷാ തീയതി _____

_______ എന്ന പേരും, ______ ആധാർ നമ്പറും, ______ പാൻ നമ്പറും ഉള്ള, _____ വിലാസത്തിൽ വസിക്കുന്ന എന്റെ

1. ______ പേരും, പഞ്ചായത്ത് രജിസ്ട്രേഷൻ നമ്പറും ഉള്ള സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനം, അംഗീകൃത ഹോം സ്റ്റേ, അല്ലെങ്കിൽ
2. ______ എണ്ണം പശുക്കൾ/കാളകൾ/ആടുകൾ/കോഴികൾ/അലങ്കാര പക്ഷികൾ/തേനീച്ച കൂടുകൾ, അല്ലെങ്കിൽ
3. ______ പ്രദേശത്തെ _______ഇനം കൃഷി, അല്ലെങ്കിൽ
4. ______ രജിസ്ട്രേഷൻ നമ്പർ (നമ്പറുകൾ) ഉള്ള ടൂറിസ്റ്റ് വാഹനം/വാണിജ്യ വാഹനം

30-7-2024 ന് ഉണ്ടായ ഉരുൾപൊട്ടലിൽ നഷ്ടപ്പെട്ടു. മേൽ ഉപജീവന മാർഗ്ഗം പുനരംഭിക്കുവാൻ എനിക്ക് ________ (ബാങ്കിന്റെ പേരും, ബ്രാഞ്ചും) ബാങ്കിൽ നിന്നും _____ രൂപ വായ്പ്പ എടുക്കുവാൻ ആഗ്രഹിക്കുന്നു.

എന്റെ അപേക്ഷ പരിഗണിച്ച് ഞാൻ ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപന ഉടമയാണ്/ദുരന്ത ബാധിതനായ മൃഗസംരക്ഷണ കർഷകൻ/കിസാൻ കാർഡ് ഉടമ/അലങ്കാര പക്ഷി കർഷകൻ/തേനീച്ച കർഷകൻ/ടൂറിസ്റ്റ് വാഹന ഉടമയാണ് എന്ന് സാക്ഷ്യപ്പെടുത്തി നല്കണം എന്ന് അഭ്യർഥിക്കുന്നു.

അപേക്ഷകന്റെ ഒപ്പ്

### പഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ

ശുപാർശ നമ്പർ_______ തീയതി________

_______ എന്ന പേരും, ______ ആധാർ നമ്പറും, ______ പാൻ നമ്പറും ഉള്ള, _____ വിലാസത്തിൽ വസിക്കുന്ന വ്യക്തി ഉജ്ജീവന വായ്പ്പാ പദ്ധതിയുടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടികയിൽ ______ നമ്പർ ആയി ഉൾപ്പെടുന്നുണ്ട്.

പഞ്ചായത്ത് സെക്രട്ടറിയുടെ കൈഒപ്പ്, പേര്, സീൽ

## ഉജ്ജീവന വായ്പ്പാ പദ്ധതി 2025 - ഫോറം രണ്ട്

ബാങ്കുകൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് (എസ്.ഡി.എം.എ) നൽകേണ്ട പട്ടിക

[എസ്.ഡി.എം.എയുടെ ഇമെയിൽ വിലാസം: admin.ksdma@kerala.gov.in, keralasdma@gmail.com]

| Sl. No | Panchayath of the disaster affected livelihood | Ward of the disaster affected livelihood | Name of the beneficiary | Address of beneficiary | AADHAR No of Beneficiary | Pan Number of Beneficiary | Type of loan sanctioned | Type of livelihood for which loan is availed | Type of claim (Margin Money or Interest Subvention) | Principal Loan Amount | Interest rate of the loan | Interest Amount for 5 years @9% per annum | Loan Term | Amount that bank is claiming from KSDMA | Account number for remitting the amount | IFSC code |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | | |

**Name of bank:**

**Branch:**

**Name of the bank manager who is claiming the amount:**

**Date:**

**Mobile Phone Number of the Bank Manager:**

**Signature of the Bank Manager:**